**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1631** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ബാറുകൾ അനുവദിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** 2011-16 ലെ സർക്കാരിന്റെ കാലത്ത് ബാറുകൾ അനുവദിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമായിരുന്നത് മുൻ സർക്കാർ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസ്തുത അനുമതി പുന:സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി സംബന്ധിച്ചും നിയന്ത്രണങ്ങൾ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ 01.06.2017 മുതൽ 2017 ലെ 18-ാം ആക്ട് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447 ൽ അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ അനുമതി സംബന്ധിച്ചും നിയന്ത്രണങ്ങൾ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ 01.06.2017 മുതൽ 2017 ലെ 19-ാം ആക്ട് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**